# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1406 | | | 21.03.2012 ലെ മറുപടിയ്ക്ക് |
|---|---|---|---|
| മടത്തറയിൽ ട്രൈബൽ ഹോസ്റ്റൽ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ. മുല്ലക്കര രത്നാകരൻ | | കുമാരി .പി.കെ. ജയലക്ഷ്മി<br>(പട്ടിക വർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ചടയമംഗലം നിയോജകമണ്ഡലത്തിലെ ചിതറ പഞ്ചായത്തിലെ മടത്തറയിൽ ഒരു ട്രൈബൽ ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | എ | കൊല്ലം ജില്ലയിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽപ്പെട്ട ചിതറ ഗ്രാമപഞ്ചായത്തിൽ കൊച്ചരിപ്പ, അരിപ്പ, വഞ്ചിയോട് എന്നീ പട്ടിക വർഗ്ഗ സങ്കേതങ്ങളാണുള്ളത്. ഇവിടെയുള്ള പട്ടികവർഗ്ഗ പെൺകുട്ടികൾക്കു താമസിച്ചു പഠിക്കുന്നതിന് കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്തിലെ വില്ലുമലയിൽ പെൺകുട്ടികൾക്കായി ഇപ്പോൾ ഒരു പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ടി പ്രദേശത്തെ ആൺകുട്ടികൾക്കു കൂടി താമസിച്ചു പഠിക്കാനാകുംവിധം ആൺകുട്ടികളുടെ പ്രീമെട്രിക് ഹോസ്റ്റൽ കൊല്ലത്തുള്ള അമൃതകുളത്തും തെന്മല ഗ്രാമപഞ്ചായത്തിലെ ഉറുകുന്നിലും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ 5 മുതൽ 10 വരെ ക്ലാസുകളുള്ള കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിനായി പരാമർശിത സങ്കേതങ്ങളുടെ തൊട്ടടുത്തായാണ് കെട്ടിട നിർമ്മാണം നടന്നുവരുന്നത്. അതിനാൽ പുതിയ പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നകാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ